JAGRATHA 92

Vol-3, N0:18
02-05-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

01. സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തം ഉറപ്പാക്കണം: മാർ വർക്കി വിതയത്തിൽ

02. അമ്മമാർ സംഘടനാ കൂട്ടായ്മയിലൂടെ ശക്തിയാർജിക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

03. ദേവാലയങ്ങൾ ഇടവക സമൂഹത്തിന് ദൈവം നല്കിയ അനുഗ്രഹം: മാർ മനത്തോടത്ത

04. ആഡംബരവും സ്വാർഥതയും വിശ്വാസജീവിതത്തെ പ്രതിസന്ധിയിലേക്കു നയിക്കും: മാർ പവ്വത്തിൽ

05. നല്ല സമൂഹത്തെ സൃഷ്ടിക്കുകയാണ് മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ലക്ഷ്യം: മാർ മാത്യു അറയ്ക്കൽ

06. അർഹമായത് സമാഹരിച്ച് നൽകുന്നതാണ് സാമൂഹ്യസേവനം: മാർ ക്ലീമിസ് കാതോലിക്കാ ബാവ

07. യുവജനങ്ങൾ മനുഷ്യ മനസാക്ഷിയറിഞ്ഞ് മുന്നേറണം: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ

08. 21 നൂതന പദ്ധതികളുമായി സഭയുടെ വികസന മാർഗരേഖ - കെ.സി. ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ

## 01. സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തം ഉറപ്പാക്കണം: മാർ വിതയത്തിൽ

സ്ത്രീക്കും പുരുഷനും തുല്യമഹത്വവും തുല്യപങ്കാളിത്തവും ഉറപ്പുവരുത്തണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. കൊച്ചി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ കേരളത്തിലെ വിവിധ രൂപതകളിലേയും സഭാസംഘടനകളിലെയും അല്മായ വനിതാപ്രതിനിധികളുടെ ദ്വിദിന നേതൃത്വസമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മനുഷ്യൻ പരസ്പര ബഹുമാനവും സമത്വവും നൽകുമ്പോഴാണ് ദൈവിക മനുഷ്യനായി മാറുന്നത്. നമ്മുടെ സമൂഹത്തിൽ ഒരുപാട് സ്ത്രീകൾ സാമൂഹ്യസാംസ്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. എന്നാൽ, സമൂഹത്തിൽ സജീവ പങ്കാളിത്തം നേടിയെടുക്കാൻ ഇനിയും പരിശ്രമിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാൻ സ്ത്രീകൾക്ക് പ്രത്യേക കടമയുണ്ട്. സഭയിലും സമൂഹത്തിലും പുരുഷനും സ്ത്രീക്കും ഒരേ മഹത്വവും തുല്യപങ്കാളിത്തവും ഉറപ്പുവരുത്തി ഒത്തൊരുമിച്ചുള്ള ഒരു പ്രവർത്തന ശൈലി രൂപപ്പെടുത്തിയെടുക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

## 02. അമ്മമാർ സംഘടനാ കൂട്ടായ്മയിലൂടെ ശക്തിയാർജിക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

സഹനത്തിന്റെ ത്യാഗത്തിന്റെയും ഉത്തമ മാതൃകകളായ അമ്മമാർ സംഘടനാകൂട്ടായ്മയിലൂടെ കൂടുതൽ ശക്തിയാർജിച്ച് ദരിദ്രർക്കും വേദനയനുഭവിക്കുന്നവർക്കും താങ്ങും തണലുമായിത്തീരണമെന്ന് എറണാകുളം -അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. എറണാകുളം റിന്യൂവൽ സെന്ററിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതവിമൺസെല്ലിന്റെ നാൽപ്പത്തിയഞ്ചാം വാർഷിക സമ്മേളനം ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. കുടുംബത്തിന്റെ നട്ടെല്ലായ വീട്ടമ്മമാരുടെ ശാക്തീകരണത്തിനുംസമുദായത്തോടും സമൂഹത്തോടും അവർക്കുള്ള ചുമതലകൾ ബോധ്യപ്പെടുത്തുന്നതിനുമായാണ് സംഗമം സംഘടിപ്പിച്ചത്. ഉച്ചയ്ക്ക് ശേഷം നടന്ന യോഗത്തിൽ എറണാകുളം അങ്കമാലി- അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ആധുനീക കാലഘട്ടത്തിൽ സ്തീസമൂഹം നേരിടുന്ന വെല്ലുവിളികൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും കുടുംബവും സമൂഹവും ജീവിതത്തിലെ അവിഭാജ്യഘടകങ്ങളാണെന്നും അവ തോളോട് ചേർന്ന് പ്രവർത്തിച്ചാലെ സമൂഹം മുന്നേറുകയുള്ളൂയെന്നും അദ്ദേഹം പറഞ്ഞു. ഡയറക്ടർ ഫാ.പോൾ കല്ലൂക്കാരൻ അധ്യക്ഷത വഹിച്ചു. സമൂഹത്തിന്റെ സമഗ്രമായ മാറ്റത്തിന് വേണ്ടി സഭയും സമൂഹവും നിലകൊള്ളണമെന്ന് അദ്ദേഹം പറഞ്ഞു.

## 03. ദേവാലയങ്ങൾ ഇടവക സമൂഹത്തിന് ദൈവം നല്കിയ അനുഗ്രഹം: മാർ മനത്തോടത്ത് 27-4-2009

ദൈവം ഇടവക സമൂഹത്തിന് നല്കിയ അനുഗ്രഹമാണ് ദേവാലയങ്ങളെന്ന് പാലക്കാട് രൂപതാ ബിഷപ്പ് മാർ. ജേക്കബ് മനത്തോടത്ത് ഉദ്ബോധിപ്പിച്ചു. പുതുക്കിപ്പണിത പെരുമ്പിടാരി ഹോളി സ്പിരിറ്റ് ദേവാലയത്തിന്റെ വെഞ്ചരിപ്പു കർമം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു ബിഷപ്. എവിടെ ദേവാലയങ്ങൾ വിശുദ്ധീകരിക്കപ്പെടുന്നുവോ അവിടെ ദൈവ ഭവന തീഷ്ണതയാണ് ഉയരുന്നത്. അതുണ്ടാകാൻ വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മ അനിവാര്യമാണ്. ഇടവക സമൂഹത്തിന്റെ പ്രാർഥനയുടെയും പ്രതീക്ഷ യുടെയും സഫലതയാണ് ദേവാലയം. ഇത് കൂട്ടായ്മയുടെ നേട്ടമാണ്. വൈകുന്നേരം മൂന്നിന് ബിഷപ്പിനെ സ്വീകരിച്ചു. തുടർന്ന് വെഞ്ചരിപ്പുകർമം, വിശുദ്ധകുർബാന എന്നിവ നടത്തി.

## 04. ആഡംബരവും സ്വാർഥതയും വിശ്വാസജീവിതത്തെ പ്രതിസന്ധിയിലേക്കു നയിക്കും: മാർ പവ്വത്തിൽ

ആഡംബരഭ്രമവും സ്വാർഥതയും വിശ്വാസ ജീവിതത്തെ പ്രതിസന്ധിയിലേക്കു നയിക്കുമെന്നു ബിഷപ് മാർ ജോസഫ് പവ്വത്തിൽ. മനയ്ക്കച്ചിറ സെന്റ് ജോസഫ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു നടത്തപ്പെട്ട കൺവൻഷനിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആസക്തി വർധിക്കുന്നിടത്തു വിശ്വാസം ക്ഷയിക്കും. ദൈവവിശ്വാസം നഷ്ടപ്പെടുകയാണെങ്കിൽ കുടുംബജീവിതത്തിലെ ധാർമിക മാനദണ്ഡങ്ങൾ നഷ്ടപ്പെടും. കുടുംബ ജീവിതത്തിലെ ഭദ്രത ഉറയ്ക്കണമെങ്കിൽ വിശ്വാസം ഉറയ്ക്കണമെന്നു മാർ പവ്വത്തിൽ പറഞ്ഞു.

## 05. നല്ല സമൂഹത്തെ സൃഷ്ടിക്കുകയാണ് മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ലക്ഷ്യം: മാർ മാത്യു അറയ്ക്കൽ

നല്ല സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് മദ്യ വിരുദ്ധ പ്രവർത്തനങ്ങളുടെ ലക്ഷ്യമെന്ന് കാഞ്ഞിരപ്പള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ.ഇമ്മാനുവേൽ സ്നേഹ സമൂഹത്തിന്റെ ദശവത്സരാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.മദ്യ വിരുദ്ധ പ്രവർത്തനം ഏറ്റവും വലിയ സാമൂഹിക പ്രവർത്തനമാണ്. പുതിയ ഒരു സമൂഹത്തെ സൃഷ്ടിക്കുകയും മനുഷ്യന് പ്രത്യാശാബോധം വളർത്തുകയും ചെയ്യുക എന്നത് ലോകത്തിനു ക്ഷേമകരമായ പ്രവർത്തനമാണെന്നും അദ്ദേഹം പറഞ്ഞു.മദ്യവിരുദ്ധ സമൂഹം സൃഷ്ടിക്കുന്നതിൽ അമ്മമാരുടെ പങ്ക് വളരെ വലുതാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ എറണാകുളം-അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് ചക്യത്ത് വ്യക്തമാക്കി. മദ്യവിരുദ്ധ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന അമ്മമാരെ ചടങ്ങിൽ ഷീൽഡ് നൽകി ബിഷപ് ആദരിച്ചു.

## 06. അർഹമായത് സമാഹരിച്ച് നൽകുന്നതാണ് സാമൂഹ്യസേവനം: മാർ ക്ലീമിസ് കാതോലിക്കാ ബാവ

ജീവിതത്തിന്റെ സമൃദ്ധിയിൽ മനുഷ്യൻ ജീവിക്കണമെന്നും അർഹമായത് അർഹിക്കുന്ന സമയത്ത് സമാഹരിച്ച് നൽകുകയാണ് സാമൂഹ്യ പ്രവർത്തകന്റെ ദൗത്യമെന്നും മാർ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്ക ബാവ. കേരള സോഷ്യൽ സർവീസ് ഫോറം വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച വികസന മാർഗരേഖ ശില്പശാലയുടെ സമാപനസമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. സഭയുടെ സാമൂഹ്യ പ്രവർത്തനം ക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണെന്നും യുവതലമുറയ്ക്ക് പ്രത്യേക ഊന്നൽ കൊടുക്കുന്ന ഒരു വികസന സമീപനം സഭയ്ക്ക് ആവശ്യമുണ്ടെന്നും ബാവ കൂട്ടിച്ചേർത്തു. കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ സമാപന സന്ദേശം നൽകി.

## 07. യുവജനങ്ങൾ മനുഷ്യ മനസാക്ഷിയറിഞ്ഞ് മുന്നേറണം: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ

ലോക സമൂഹത്തിന്റെ ഗതിവിഗതികളിൽ നന്മയെ ഇല്ലാതാക്കുന്ന പ്രവണതകൾ കുമിഞ്ഞുകൂടുമ്പോൾ യുവജനങ്ങൾ മനുഷ്യമനസാക്ഷിയുടെ ആഴങ്ങൾ അറിഞ്ഞ് നീതിക്കുവേണ്ടി മുന്നേറാൻ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ ആഹ്വാനം ചെയ്തു. യുവജ്യോതി- കെ.സി.വൈ.എം ആലപ്പുഴ രൂപതാ സമിതിയുടെ വാർഷിക ജനറൽ അസംബ്ലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹത്തിലെ പതിരുകളെ കാറ്റിൽ പറത്തണമെന്ന് ബിഷപ് പറഞ്ഞു.

## 08. 21 നൂതന പദ്ധതികളുമായി സഭയുടെ വികസന മാർഗരേഖ - കെ.സി. ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ

പാർശ്വവത്കരിക്കപ്പെട്ട എല്ലാ ജനവിഭാഗങ്ങളെയും ഉൾച്ചേർക്കുന്ന വികസന കാഴ്ചപ്പാടാണ് സഭയുടെ സാമൂഹിക പ്രവർത്തന ദൗത്യമെന്ന് കെ.സി. ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ കേരള വികസനത്തിനായി സമർപ്പിച്ച സമഗ്ര വികസന മാർഗരേഖ. വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ എല്ലാ രൂപതകളുടെയും പ്രതിനിധികൾ പങ്കെടുത്ത വികസന സെമിനാറിൽ മാർ മാത്യു അറയ്ക്കലാണ് വികസന മാർഗരേഖ അവതരിപ്പിച്ചത്. ആഗോള സാമ്പത്തിക പാരിസ്ഥിതിക വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് പുതിയ വികസന തന്ത്രങ്ങൾ രൂപപ്പെടുത്താൻ കേരളത്തിലെ 29 കത്തോലിക്ക രൂപതകളിലെ സാമൂഹിക വികസന സംഘടനകളുടെ സംസ്ഥാനതല ഏകോപന സമിതിയായ കേരള സോഷ്യൽ സർവീസ് ഫോറം തീരുമാനിച്ചു. സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ കത്തോലിക്ക സഭയ്ക്ക് ഉത്തരവാദിത്വപൂർണമായ പങ്കാളിത്തം വഹിക്കാനുണ്ടെന്ന് സമ്മേളനം വിലയിരുത്തി. സാമൂഹ്യ നീതിയിലും അവസരസ്ഥിതി സമത്വത്തിലും ഊന്നിയുള്ള വികസന സമീപനത്തിന്റെ അനിവാര്യത സമ്മേളനം അംഗീകരിക്കുന്നു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കത്തോലിക്ക സഭ വിവിധ വികസന ദൗത്യങ്ങളാണ് ഏറ്റെടുക്കുന്നത്. ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കാൻ സുസ്ഥിര വികസന പദ്ധതികൾ ഏറ്റെടുക്കും. കാർഷിക - മത്സ്യബന്ധന സംരംഭകത്വ, സേവന മേഖലകൾ കേന്ദ്രീകരിച്ചുള്ള കർമപരിപാടികൾ ആവിഷ്കരിക്കും. ഈ പദ്ധതിയിൽ 10 ലക്ഷം കുടുംബങ്ങളെയാണ് പങ്കെടുപ്പിക്കുന്നത്. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഇരുനൂറോളം ഗ്രാമങ്ങളിൽ 10,000 കർഷകരെ സജ്ജരാക്കുകയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കാലാവസ്ഥ വ്യതിയാനംകൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ ലഘൂകരിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ അംഗ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള 50,000 സാമൂഹ്യാധിഷ്ഠിത സംഘടനകളിലൂടെയുള്ള ഫലപ്രദമായ ഇടപെടലുകൾ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യും. വർധിച്ചുവരുന്ന കാർഷിക പ്രതിസന്ധിയും കടബാധ്യതയും ഫലപ്രദമായി നേരിടുന്നതിന് ഉചിതമായ ഉത്പാദന സഹകരണ വിപണന മേഖലകളിലെ പങ്കാളിത്ത അധിഷ്ഠിത ഇടപെടലുകൾക്ക് നേതൃത്വം നൽകും.രൂക്ഷമായ പ്രതിസന്ധി നേരിടുന്ന വയനാട്, ഇടുക്കി, കുട്ടനാട്, തൃശൂർ പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമീപനം സ്വീകരിക്കും. ഭൂഗർഭ ജല ചൂഷണം നിയന്ത്രിക്കുന്നതിനും ജലസ്രോതസുകൾ പുനരുദ്ധരിക്കുന്നതിനുമുള്ള പരിപാടികൾ രൂപപ്പെടുത്തും. പാർശ്വവത്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ പുനസ്ഥാപിക്കുവാനുള്ള നടപടികൾക്കു നേതൃത്വം നൽകും. സ്ത്രീകൾക്കെതിരേയുള്ള ഗാർഹിക പീഡനവും വിവേചനവും തൊഴിൽരംഗത്തും പൊതു സമൂഹത്തിലും അനുഭവപ്പെടുന്ന ചൂഷണവും നേരിടുവാൻ ബോധവത്കരണവും നിയമപരമായ പിന്തുണയും നൽകും. മുതിർന്ന പൗരന്മാരുടെ അനുഭവവും വൈദഗ്ധ്യവും ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കും തുടങ്ങിയ 21 പദ്ധതികളാണ് മൂന്നു ദിവസം നീണ്ടു നിന്ന ശില്പശാലയിൽ ഉരുത്തിരിഞ്ഞത്. വികസന പരിപ്രേഷിതത്വത്തിന് തുടർ നടപടികൾക്കായി വിഷയാധിഷ്ഠിത വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് കർമസമിതികൾക്കു രൂപം നൽകും.